II. ചോദ്യോത്തരങ്ങൾ

(i) വാങ്ങ്മൂലം നൽകുന്ന ഉത്തരങ്ങൾ

(ചോദ്യം നമ്പർ 1, 2 ചോദിച്ചില്ല)

കൊലപാതകങ്ങൾ

1 [3] ശ്രീ. എ. എ. റഹിം:

,, പി. ജെ. തോമസ്:

,, എം. വി. രാജൻ:

ഡോക്ടർ കെ. ജി. അടിയോടി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി എത്ര കൊലപാതകങ്ങൾ ഉണ്ടായി?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

1977-ൽ 461, 1978-ൽ 468.

ശ്രീ. എ. എ. റഹിം: ഇതിൽ രാഷ്ട്രീയപ്രേരിതമായ കൊലപാതകങ്ങൾ എത്രയുണ്ടെന്നു വ്യക്തമാക്കാമോ; അതിൽതന്നെ സി.പി.ഐ.-ക്കാരും സി.പി.ഐ. (എം)-കാരും തമ്മിൽ നടന്ന കൊലപാതകങ്ങൾ എത്രയുണ്ടെന്നു വ്യക്തമാക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: രാഷ്ട്രീയമായി തരംതിരിച്ചുള്ള കണക്ക് എന്റെ കൈവശം ഇപ്പോഴില്ല.

ശ്രീ. പി. ജെ. തോമസ്: കവർച്ചകൾ നടത്താൻ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നു വല്ല കണക്കുമുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കൃത്യമായ കണക്ക് ഇപ്പോൾ കൈവശമില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: 468 കൊലപാതകങ്ങൾ 1978-ൽ ഉണ്ടായി എന്നു പറഞ്ഞു. ഈ കേസ്സുകളെല്ലാം കോടതിയിലേക്ക് റഫർ ചെയ്തോ; അതോ ഇൻവെസ്റ്റിഗേഷനിലിരിക്കുകയാണോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: 1978-ലെ എല്ലാ കേസ്സുകളും അങ്ങനെ ചെയ്തുകഴിഞ്ഞിട്ടില്ല. മറ്റൊരു ചോദ്യത്തിനു മറുപടി പറയുമ്പോൾ അതിന്റെ വിശദാംശങ്ങൾ അതിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ആലപ്പുഴയിൽമാത്രം അടുത്തകാലത്തു കുറെ കൊലപാതകങ്ങൾ നടന്നു. അതിൽ സി.പി.ഐ.-ം സി.പി.ഐ. (എം)-ം തമ്മിൽ എത്ര കൊലപാതകങ്ങൾ നടത്തിയെന്നു പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: രാഷ്ട്രീയാടിസ്ഥാനത്തിലുള്ള കൊലപാതകങ്ങളുടെ ലിസ്റ്റ് തരംതിരിച്ച് എന്റെ കൈവശമില്ലെന്നു ഞാൻ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഈച്ചരൻ: 1978-ൽ നടന്ന കൊലപാതകങ്ങളുടെ കോടതി നടപടികളും പൂർത്തിയായിട്ടുണ്ടോ; അന്വേഷണത്തിലാണെങ്കിൽ ഏതു സ്ഥിതിയിലെത്തി എന്നു പറയാമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇത്രയധികം കേസ്സുകളെ സംബന്ധിച്ച് ഇത്തരത്തിലുള്ള വിശദമായ ഒരു കണക്ക് ഇപ്പോൾ പറയാൻ പ്രയാസമാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഒരു വർഷത്തിൽ അഞ്ഞൂറോളം കൊലപാതകങ്ങൾ നടക്കുമ്പോൾ ഒരു വർഷത്തിൽ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് കോടതിവിധികളുടെ അടിസ്ഥാനത്തിൽ എത്രപേരെ ശിക്ഷിക്കുന്നു; എത്രപേരെ വെറുതെ വിടുന്നു എന്നുള്ള കണക്കുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അങ്ങനെയൊരു കണക്കുതരാൻ പ്രയാസമാണ്.

ശ്രീ. ടി. എം. ജേക്കബ്: സംസ്ഥാനത്തെ മിക്ക കൊലപാതകങ്ങളും തെളിയിക്കപ്പെടാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ട് പോലീസ് സേനയിൽ കൊലപാതകങ്ങളെ സംബന്ധിച്ചിടത്തോളം പ്രത്യേകമായി അന്വേഷിക്കുവാനും ശരിയായ കുറ്റവാളികളെ കണ്ടുപിടിക്കുവാനുമുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ പ്രശ്നം ഗവൺമെൻറ് വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നിരവധി കേസ്സുകളും തെളിയാതെ പോകുന്നില്ലെങ്കിലും ചില പ്രധാനപ്പെട്ട കേസ്സുകളും തെളിഞ്ഞിട്ടില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അതിനാവശ്യമായ ഒരു സംവിധാനത്തെപ്പറ്റി തീർച്ചയായും ഉടൻതന്നെ ആലോചിച്ചു നടപടി സ്വീകരിക്കാം.

ശ്രീ. ജി. പി. മംഗലത്തുമഠം: 1977–78-ൽ കൊലപാതകങ്ങളുടെ സംഖ്യ കൂടിക്കൂടി വരികയാണ്. അതിനുള്ള കാരണം പ്രധാനമായും പോലീസിന്റെ ഇനെഫിഷ്യൻസിയാണ്. അഥവാ കേസ്സുകളും ചാർജു ചെയ്താലും അതു തള്ളിപ്പോകുന്നു. അതുകൊണ്ട് കുറെക്കൂടി പോലീസിനെ എഫിഷ്യൻറാക്കുവാനുള്ള മാർഗ്ഗത്തെപ്പറ്റി ആലോചിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശത്തോടു യോജിക്കുവാൻ പ്രയാസമുണ്ട്. കൂടിക്കൂടിവരികയാണെന്നു പറയുന്നത് അൽപ്പം അതിശയോക്തിപരമാണെന്നു എനിക്കു തോന്നുന്നു.

ശ്രീ. പി. ബി. ആർ. പിള്ള: കൊലപാതകങ്ങളും പലതും സംഭവിക്കുന്നതിനുമുൻപു കാലേകൂട്ടി കരുതലോടുകൂടി ഏർപ്പെട്ടിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്നു എന്ന വസ്തുത മൂവാറ്റുപുഴ സംഭവത്തെത്തുടർന്നു തെളിഞ്ഞുകഴിഞ്ഞിരിക്കുകയാണ്. അങ്ങനെയുള്ള കേസ്സുകളെ സംബന്ധിച്ചിടത്തോളം ഇനിയെങ്കിലും പോലീസ് സജീവമായി പ്രവർത്തിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: മൂവാറ്റുപുഴ കേസ് ഒരു പ്രത്യേക സംഭവമാണ്. ഈ രാജ്യത്തിന്റെ ശ്രദ്ധ മുഴുവൻ ആകർഷിച്ച ഒരു സംഭവമെന്ന നിലയിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഒരു പരാതിയുമുണ്ടായിരുന്നു. എനിക്ക് അതിനെപ്പറ്റി ഒരഭിപ്രായം പറയാൻ സാധ്യമല്ല. ഏതായാലും പോലീസിൽ ഇങ്ങനെയുള്ള ഭീഷണിയുണ്ടെന്നു മുന്നറിവുകൊടുത്താൽ വളരെ കാര്യക്ഷമമായിട്ടും ജാഗ്രതയോടുകൂടിയും ഇത്തരം കാര്യങ്ങളിൽ ഇടപെടണമെന്നുള്ള നിർദ്ദേശം ഗവൺമെൻറ് നിരന്തരമായി പോലീസ് സേനയ്ക്ക് നൽകിക്കൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. സി. എ. കുര്യൻ: എല്ലാ കൊലപാതകങ്ങളും ക്രൈംബ്രാഞ്ച് അന്വേഷിച്ചുകൊണ്ടിരുന്നതാണ്. എന്നാൽ കുറച്ചുനാളായി ലോക്കൽ പോലീസിനെക്കൊണ്ട് അന്വേഷിപ്പിക്കുവാൻ എന്താണു കാരണം? ഗവൺമെൻറോ മേലുദ്യോഗസ്ഥൻമാരോ നിശ്ചയിക്കുന്ന കേസ്സുകൾമാത്രം ക്രൈംബ്രാഞ്ച് കൈകാര്യം ചെയ്താൽ മതി എന്നു നിർദ്ദേശിക്കുവാൻ എന്താണു കാരണം?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ അറിവു എത്ര ശരിയാണെന്നു എനിക്കറിഞ്ഞുകൂടാ. പ്രധാനപ്പെട്ട കൊലപാതകങ്ങളെല്ലാംതന്നെ ക്രൈംബ്രാഞ്ചിനു റഫർ ചെയ്യുകയാണ്. ഇതിനു പുറമെ ജില്ലകളിൽ ക്രൈം അറ്റാച്ചുമെൻറുകൾ ഉണ്ട്. അവരും ഈ കേസ്സുകൾ നോക്കുന്നുണ്ട്. ക്രൈംബ്രാഞ്ചിലേയ്ക്കു റഫർ ചെയ്യുന്ന കേസ്സുകളാണ് അവർ ചെയ്യുന്നത്. പ്രധാനപ്പെട്ട കേസ്സുകളെല്ലാം തന്നെ റഫർ ചെയ്യുന്നുമുണ്ട്.

ശ്രീ. പി. ശങ്കർ: പോലീസ് ചാർജ്ജുചെയ്തു കോടതിയിലെത്തുന്ന പല കേസ്സുകളിലും സാങ്കേതികമായി ചാർജ്ജുചെയ്യുന്നതിലുള്ള പോരായ്മകളുണ്ട്. കോടതിയിൽ ഗവൺമെൻറിനുവേണ്ടി ആ കേസ് തെളിയിക്കുവാൻ മറ്റു നടപടികളെടുക്കുന്ന അവസരത്തിൽ ഇന്നു പോലീസ് ഡിപ്പാർട്ടുമെൻറിൽ കാണുന്ന പോരായ്മകൾ പരിഹരിക്കുവാൻ നടപടിയെടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: സർ, ഇതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മറ്റൊരു മെമ്പറുടെ ചോദ്യത്തിനു മറുപടി പറഞ്ഞു. ഈ സംവിധാനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ട ആവശ്യമുണ്ടെന്നുള്ളതു ശരിയാണ്. ചില പ്രധാനപ്പെട്ട കേസ്സുകളിൽ തെളിയാതെയും ശിക്ഷിക്കപ്പെടാതെയും വിട്ടുപോകുന്നതുകൊണ്ട് ഇതു ആവശ്യമാണ്.

വിദ്യാഭ്യാസവകുപ്പിൻെറ പുനഃസംഘടന

2 [4] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയുമായി ബന്ധപ്പെട്ട് ഗവൺമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

തദ്ദേശസ്വയംഭരണ മന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ):

(എ) ഉണ്ട്.

(ബി) 1. ജില്ലാവിദ്യാഭ്യാസ ഓഫീസർമാരെ നേരിട്ടു നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly